# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂർക്കനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം27/1759/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/12/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂർക്കനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം27/1759/2021 തീയ്യതി: 17/12/2021

## മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2021 | 30-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-10-2021 | 30-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രസാദ് പി, ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിനീത പി പി, ഓഡിറ്റർ
ശ്രീമതി.ഷീബ പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കെ. രാജഗോപാലൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അബ്ദുൽ ഖാദർ | സെക്രട്ടറി | 01-04-2019 | 28-05-2019 |
| ശ്രീ. സലീം കെ എം | സെക്രട്ടറി ഇൻ ചാർജ്ജ് | 29-05-2019 | 28-06-2019 |
| ശ്രീ. രാജീവ് പി കെ | സെക്രട്ടറി | 29-06-2019 | 14-07-2019 |
| ശ്രീ. ഷാജി കെ കെ | സെക്രട്ടറി | 15-07-2019 | 07-09-2019 |
| ശ്രീമതി. ഗീത പി പി | സെക്രട്ടറി ഇൻ ചാർജ്ജ് | 08-09-2019 | 15-12-2019 |
| ശ്രീ. സുധീഷ് ബാബു ആർ | സെക്രട്ടറി | 16-12-2019 | 31-03-2020 |
| ശ്രീ. സലീം കെ എം | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2019 | 26-07-2019 |
| ശ്രീമതി. ഗീത പി പി | അസിസ്റ്റന്റ് സെക്രട്ടറി | 27-07-2019 | 31-03-2020 |
| ശ്രീമതി. ഷെറീൻ ബീഗം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നസീമ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ഖദീജ ഇ എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 08-01-2020 |
| ശ്രീമതി. ഡെൻസി പി സൈമൺ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-01-2020 | 31-03-2020 |
| ശ്രീമതി. റഷീദ എൻ | വില്ലേജ് എക്സ്റ്റെൻഷർ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സമീറലി എം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. റൂബി വിദ്യാദരൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. അസൈനാർ | മെഡിക്കൽ ഓഫീസർ , ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. ഷെമീറ മോൾ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2019 | 31-03-2020 |

.

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SHEEBA P (Auditor, On 21-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: SHEEBA P (Auditor, On 29-10-2021)<br>Last Updated By: SHEEBA P (Auditor, On 29-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: E.Moosa (Asst. Audit Officer, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 13-12-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Vineetha P P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 13-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Vineetha P P (Auditor, On 27-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul.Gafoor.C (Asst. Audit Officer, On 27-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-11 |
| 12 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 26945രൂപ തിരിച്ചടവാക്കി<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-12 |
| 13 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ – മുഴുവൻ തുകയും ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-13 |
| 14 | മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല<br>Written By: Vineetha P P (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-14 |
| 15 | കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Vineetha P P (Auditor, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-15 |
| 16 | ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-16 |
| 17 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-17 |
| 18 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ<br>Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-18 |
| 19 | സംയുക്ത പ്രൊജക്ടുകൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത് | 1-19 |

| | | |
|---|---|---|
| | Written By: Abdul.Gafoor.C (Asst. Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | |
| 20 | റോഡ് റെസ്റ്റോറേഷൻ ചാർജ് - ഈടാക്കിയതിൽ 1ലക്ഷം രൂപയുടെ കുറവ്<br>Written By: Abdul.Gafoor.C (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-20 |
| 21 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 1-21 |
| 22 | കോഴിവളർത്തൽ രേഖകൾ ലഭ്യമല്ല-196350/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Prasad (Audit Officer, On 30-10-2021)<br>Last Updated By: Unni.P (Deputy Director, On 17-12-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 25-10-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 23-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SHEEBA P (Auditor, On 25-10-2021)<br>Last Updated By: SHEEBA P (Auditor, On 25-10-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: SHEEBA P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: SHEEBA P (Auditor, On 29-10-2021)<br>Last Updated By: SHEEBA P (Auditor, On 01-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SHEEBA P (Auditor, On 29-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Prasad (Audit Officer, On 31-10-2021)<br>Last Updated By: Unni.P (Deputy Director, On 15-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/ 16.02.2019 | 2(1)/ 25.03.2020 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 03.06.2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 34615833 |
| വരവ് | 65456885 |
| ആകെ | 100072718 |
| ചെലവ് | 60442411 |
| നീക്കിയിരിപ്പ് | 39630307 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13625012 | 13625012 | 12120945 | 1504067 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8057000 | 8057000 | 3400540 | 4656460 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9505000 | 9505000 | 7595783 | 1909217 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4356000 | 4356000 | 1046040 | 3309960 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11174755 | 11174755 | 9475525 | 1699230 |
| ശുചിത്വമിഷൻ | 2775554 | 190000 | 2965554 | 565624 | 2399930 |
| ടോട്ടൽ സാനിറ്റേഷൻ | 2484319 | 97620 | 2581939 | 2375624 | 206315 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-ഭരണച്ചെലവുകൾ | 75555 | 161300 | 236855 | 163547 | 73308 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്-ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12269568 | 12269568 | 12269568 | 0 |
| ബി ഫണ്ട് | 0 | 25004520 | 25004520 | 25004520 | 0 |
| ജോയിന്റ് വെഞ്ച്വർ | 1341481 | 1176250 | 2517731 | 1913526 | 604205 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 249 | 110596279 | 166 | 46736897 | 08 | 75 | 63 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 75555 | 161300 | 236855 | 163547 | 73308 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 12269568 | 12269568 | 12269568 | 0 |
| ആകെ | 75555 | 15612361 | 15687916 | 15614608 | 73308 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 57120 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 1518600 | 260 |
| വിധവാ പെൻഷൻ | 9689400 | 1659 |
| വാർദ്ധക്യകാല പെൻഷൻ | 10229100 | 1737 |
| വികലാംഗ പെൻഷൻ | 2767500 | 481 |
| വിവാഹ ധന സഹായം | 210000 | 7 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 343800 | 58 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-10-2021 ന് 3.20 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക 20493/- രൂപ. എന്നാൽ ഡേ ബുക്ക് പ്രകാരമുള്ള തുക 20,485/- രൂപയാണ്. നീക്കിയിരുപ്പിൽ 8 രൂപ കൂടുതലായി കാണുന്നു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
3. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
4. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
5. നിർവഹണ ഉദ്യോഗസ്ഥർ എല്ലാവരും കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കാഷ് ബുക്ക് കൈകാര്യം ചെയ്യുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്ററുകൾ ഉൾപ്പെടെ എല്ലാ രജിസ്റ്ററുകളും തുടർച്ചയായും, വോല്യം നമ്പർ നൽകിയും സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2020 ഡിസംബർ | 2020 മാർച്ച് മുതൽ 2020 ആഗസ്റ്റ് വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-09-2017 | 2012-13 മുതൽ 2016-17 വരെ | 04-10-2017 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2019-20 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ബാങ്ക് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2. തൊഴിൽ നികുതി, ലൈസൻസ്, Bus Stand Receipts എന്നീ രജിസ്റ്ററുകൾ സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. MGNREGS ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 15425568 രൂപയിലെ മെറ്റീരിയൽ തുക 3156000 രൂപ കുറവ് ചെയ്തതിന് ശേഷം ആകെ ചെലവ് 12269568 രൂപയുടെ കൂടെ Admin ചെലവ് 1163547 രൂപ കൂട്ടിയാൽ 13433115 രൂപയാണ് ആകെ ചെലവായി ചേർക്കേണ്ടത്. എന്നാൽ AFS -ൽ 14262021രൂപയാണ്.

4. 2018-19 AFS B-15 പ്രകാരം വസ്തു നികുതി കുടിശ്ശിക 61863 രൂപയാണ് (30818+31045) . എന്നാൽ 2019-20 സഞ്ചയ പ്രകാരം കുടിശ്ശിക ഡിമാന്റ് 102534 രൂപയാണ്.

5. 2018-19 AFS B-15 പ്രകാരം LC കുടിശ്ശിക 2946 രൂപയാണ്. എന്നാൽ 2019-20 സഞ്ചയ പ്രകാരം LC ഡിമാന്റ് 5261 രൂപയാണ്.

6. 2019-20 AFS RP-43 പ്രകാരം കെട്ടിട നികുതി തൻവർഷത്തെ കളക്ഷൻ 3234145(1532970+1701175). എന്നാൽ സഞ്ചയ പ്രകാരം കളക്ഷൻ 3253819 ആണ്.

7. 2019-20 AFS B-15 പ്രകാരം കെട്ടിട നികുതി തൻവർഷത്തെ ബാലൻസ് 724537(399401+325136). എന്നാൽ സഞ്ചയ പ്രകാരം 686585 ആണ്.

8. 2019-20 കെട്ടിട നികുതി B-15 പ്രകാരം കുടിശ്ശിക 44209(6955+37256) ആണ്. സഞ്ചയ പ്രകാരം 42086 ആണ്.

9. 2019-20 B-15 പ്രകാരം LC കുടിശ്ശിക 38227 ആണ്. എന്നാൽ സഞ്ചയ പ്രകാരം 40278 ആണ്.
10. സംയുക്ത പ്രൊജക്ടിനായി ലഭിച്ച തുകയിലെ നീക്കിയിരിപ്പ് തുകയും ബാധ്യതയായി B-4 ലുള്ള തുകയും പൊരുത്തപ്പെടുന്നില്ല.

## 1-12 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 26945രൂപ തിരിച്ചടവാക്കി

1.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്തതിന് 0.40 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് 611.79/$M^{2}$, നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപെടുത്തിയിരുന്നത്. ഈ പ്രവൃത്തിക്കായി തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ പരിശോധിച്ചതിൽ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം കരാറുകാർക്ക് അധിക തുക നൽകിയതായി ശ്രദ്ധയിൽപെട്ടു.
GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന്റെ ഏരിയ കണക്കാക്കുമ്പോൾ വൈസ്റ്റേജ്, ഓവർ ലാപിങ് എന്നിവക്കായി 8% അധിക അളവ് നൽകേണ്ടതിന്ന് പകരം 30% അധിക അളവ് അനുവദിച്ചതായിരുന്നു പ്രധാന അപാകത.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 18 /19-20/28.10.2021നൽകിയതിനെ തുടർന്ന് അധികം നൽകിയ തുക രൂപ ചുവടെ കാണിച്ച രസീതികൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കുകയുണ്ടായി.

| പ്രവൃത്തി | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|
| **PHC മെയിന്റനൻസ് (211/20)**<br>ബിൽ 6/28.6.2019 തുക 386746<br>കരാർ 86/26.1..2019<br>കോൺട്രാക്ടർ. എം.വി.രാജേഷ് | 4452 | 121030102529/<br>30.10.21 |
| വെങ്ങാട് ഇൻഡോർ സ്റ്റേഡിയം രണ്ടാം ഘട്ടം (205/20)<br>ബിൽ 14/28.10.2019 തുക 794850<br>കരാർ 68/6.9.2018<br>സപ്ലിമെന്ററി എഗ്രിമെന്റ് 87/26.6.2019<br>കോൺട്രാക്ടർ. വി.ടി.ജോസഫ് (വിനോജ്.വി.ടി) | 12517 | 121030102528/<br>30.10.21 |
| | 16969 | |

**2. യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് രൂപ തിരിച്ചടവാക്കി**

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിരുന്നില്ല.

ഓഡിറ്റ് എൻക്വയറി ഓഡിറ്റ് എൻക്വയറി ഓഡിറ്റ് എൻക്വയറി 12 /19-20/25.10.2021 നൽകിയതിനെ തുടർന്ന് തുക അടവാക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ | രസീത് |
|---|---|---|---|---|
| കരുവള്ളിക്കുന്ന് കുറുമ്പിനിക്കാട് റോഡ് റീടാറിങ്(200/20)<br>ബിൽ 4/28.6.2019 തുക 149630<br>കരാർ 28/4.8.2018<br>കോൺട്രാക്ടർ ശ്രീ കെ.മൂസ്സ | 2.7.2018 | 4.8.2018 | 1496 | 121030102430 /26.10.21 |
| വാഴയിൽ പടി പൂഴിപ്പറ്റ റോഡ് കോൺക്രീറ്റ് (123/20)<br>ബിൽ 24/15.11.2019 തുക 199880<br>കരാർ 7/16.9.2019<br>കോൺട്രാക്ടർ ശ്രീ എം.വി.രാജേഷ് | 20.8.2019 | 16.9.2019 | 1999 | 21030102431 /26.10.21 |
| ഇർഷാദിയ്യ റോഡ് ഡ്രൈനേജ് (99/20)<br>ബിൽ 55/2.3.2020 തുക 249635<br>കരാർ 4/27.9.2019<br>കോൺട്രാക്ടർ ശ്രീ എ.കെ. അബ്ദുല്ല | 20.8.2019<br>29.8.2019 | 27.9.2019 | 2496 | 21030102432 /26.10.21 |
| കുറുപ്പത്താൽ ഹരിജൻ കോളനി ലക്ഷം വീട് പുന്നക്കാടൻ കുളമ്പ് കുളമ്പ് റോഡ് ടാറിങ് (114/20)<br>ബിൽ 80/16.3.2020 തുക 199044<br>കരാർ 39/20.9.2019<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് ഹാഫിഖ് | 20.8.2019<br>29.8.2019 | 20.9.2019 | 1990 | 21030102433 /26.10.21 |
| പൂഴിക്കത്ത് കോളനി റോഡ് നവീകരണം (261/20)<br>ബിൽ 79/16.3.2020 തുക 199486<br>കരാർ 41/27.9.2019<br>കോൺട്രാക്ടർ ശ്രീ .മുഹമ്മദാലി.ടി | 20.8.2019<br>29.8.2019 | 27.9.2019 | 1995 | 21030102434 /26.10.21 |
| | | | 9976 | |

## 1-13 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ – മുഴുവൻ തുകയും ഈടാക്കിയില്ല

പീറാനിക്കുളം നവീകരണം (195/20) എന്ന പ്രവൃത്തി കരാർ പ്രകാരം 31.3.2018 നായിരുന്നു പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 22.4.2019 ന് മാത്രമാണ്. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴുവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.3.2018 ആയിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 22.4.2019 ന് മാത്രമാണ്.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/2019-20/26.10.2021 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.3.2018 വരെയായിരുന്നു. എന്നാൽ ഈ സമയത്ത് വെള്ളം നിറഞ്ഞ് നിൽകുന്നതിനാൽ പ്രവൃത്തി ചെയ്യാൻ കഴിഞ്ഞില്ല ആയതിനാൽ പൂർത്തീകരണ കാലാവധി നീട്ടി നൽകണമെന്ന് കരാറുകാരൻ 12.3.2018 ൽ അപേക്ഷിച്ചതിനാൽ പ്രവൃത്തിയുടെ കാലാവധി 31.5.2018 വരെ നീട്ടി നൽകി.

2. എന്നാൽ ഈ സമയത്ത് കടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ വാർഡിലെ പ്രധാന ജല സ്രോതസ്സായ ഈ കുളം വറ്റിച്ച് പ്രവൃത്തി ചെയ്യുന്നത് നാട്ടുകാർ എതിർത്തപ്പോൾ, വാർഡ് മെമ്പർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എന്നിവരുടെ നിർദ്ദേശ പ്രകാരം പ്രവൃത്തി നിർത്തി. ആയതിനാൽ പ്രവൃത്തിയുടെ കാലാവധി 31.3.2019 വരെ വീണ്ടും നീട്ടി നൽകി. പ്രസ്തുത സമയത്തും പൂർത്തീകരിക്കാത്തതിനാലാണ് 1% പിഴ ഈടാക്കിയത്.

ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

1. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയ തീരുമാനം ഭരണ സമിതി അംഗീകരിച്ചിട്ടില്ല.

2. പൊതുമരാമത്ത് മാന്വൽ പ്രകാരം ആദ്യ തവണ പൂർത്തീകരണ കാലാവധിയുടെ 25% സമയം മാത്രമാണ് (14.3.2019 വരെ) കാലാവധി നീട്ടി നൽകാനാവുക. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 50% ൽ അധികരിക്കാൻ പാടില്ല എന്ന നിബന്ധനയും ഇവിടെ ലംഘിച്ചിട്ടുണ്ട്.

3. പ്രവൃത്തി ചെയ്യുന്നതിന് കുളത്തിലെ നിറഞ്ഞ് നിൽകുന്ന വെള്ളം ഒഴിവാക്കേണ്ടതുണ്ടായിരുന്നെങ്കിൽ ബെയിലിങ് ഔട്ട് വാട്ടർ എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപെടുത്തേണ്ടതുണ്ടായിരുന്നു. വെള്ളം മോട്ടോർ വെച്ച് അടിച്ച് ഒഴിവാക്കുന്നതിന് വലിയ തുക ചെലവ് വരും എന്നുറപ്പാണ്. പ്രസ്തുത ഇനം എസ്റ്റിമേറ്റിൽ ഇല്ല. അത് കൊണ്ട് തന്നെ വെള്ളം നിറഞ്ഞ് നിന്നിരുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന മറുപടി വസ്തുതാപരമല്ല.

4. 29.11.2017 ന് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്. ശേഷം 5.3.2019 ന് മാത്രമാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. പ്രവൃത്തി ആരംഭിക്കാൻ തന്നെ 15 മാസം വൈകി. പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാത്തതിനാൽ 207-18, 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ടിയിരുന്ന 341760 രൂപ വീതം ലാപ്സായിട്ടുണ്ട്. ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ | ഈടാക്കിയത് | കുറവ് |
|---|---|---|---|
| പീറാനിക്കുളം നവീകരണം (195/20)<br>ബിൽ 13/11.10.2019 തുക 341760<br>അളവ് പുസ്തകം 35/18-19<br>കരാറുകാരൻ ശ്രീ. എം.വി.രാജേഷ്<br>കരാർ. 78/29.11.2017<br>തുക 349736.83<br>കോസ്റ്റ് ഇൻഡക്സ് 40.2%<br>പൂർത്തീകരിക്കേണ്ട തീയ്യതി 31.3.2018<br>പൂർത്തീകരിച്ച തീയ്യതി 22.4.2019 | 1.4.2018-31.6.2018 (1%) Of PAC= 3417<br>1.7.18-30.9.18 (2%) Of PAC= 6834<br>1.10.18-31.12.18 (2%) Of PAC= 6834<br>1.1.19-31.3.19 (2%) Of PAC= 6834<br>1.4.19-21.4.19 (21*6834/90)= 1595<br>ആകെ 25514 | 3418 | 22096 |

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

## 1-14 മരുന്നുകൾ മുഴുവനായും ലഭ്യമാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്റ്റിൽ മരുന്നുകൾ ലഭ്യമാക്കുവാൻ അവശേഷിക്കുന്നുണ്ട്. മരുന്നുകൾ വാങ്ങിയത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നാണ്.

വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജെക്റ്റ് നമ്പർ/ പേര് | തുക | ബിൽ നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ ഇൻവോയ്‌സ് നമ്പർ/ വില | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 83/20 പരിരക്ഷ | 47,000 | 1312/ 23.11.2019 | 11964: 16.03.2020<br>101:04.04.2020<br>102:04.04.2020<br>1403:01.05.2020<br>3460:30.05.2020 | 6083<br>8956<br>16902<br>593<br>7791 | 6675 |
| ആകെ | | | | 40325 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 03/2020 ഓഡിറ്റന്വേഷണത്തിന്, വിതരണം ചെയ്യാൻ ബാക്കിയുള്ള മരുന്ന് ലഭ്യമാക്കണമെന്നറിയിച്ച് സമയാസമയങ്ങളിൽ ഓഫീസിൽ നിന്നും റിമൈൻഡർ അയക്കാറുണ്ടെങ്കിലും, കാരുണ്യ ഫാർമസിയിലെ മരുന്നിന്റെ ലഭ്യത കുറവ് മൂലം മരുന്നുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നതായും അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 6675/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-15 കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായോ, അല്ലാതെയോ 60 ദിവസം വരുമാനം ആർജ്ജിക്കുന്ന ഓരോ വ്യക്തിയും ആ ഗ്രാമപഞ്ചായത്തിൽ അതാത് അർദ്ധവർഷത്തെ തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥനാണ്. ഇതു പ്രകാരം പഞ്ചായത്തിന്റ പരിധിയിലുള്ള കോൺട്രാക്ടേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15/19-20ന് എൽ.എസ്.ജി.ഡി സെക്ഷൻ എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അംഗീകൃത കരാറുകാരുടെ വിശദാംശങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ചെലവ് രേഖകൾ ഹാജരാക്കിയില്ല

2019-20 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബാലസഭ ശാക്തീകരണം (പ്രൊജക്റ്റ് നം.179/20 എന്ന പദ്ധതിക്കായി 50000 രൂപ വികസന ഫണ്ടിൽ നിന്നും ബിൽ നം.3/20.5.19 ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ആയതിന്റെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.5/25.10.21 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-17 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 134പദ്ധതികൾ തയ്യാറാക്കിയതിൽ 93 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 32 പദ്ധതികളുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 18പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 3 പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 134 | ആകെ അടങ്കൽ | 32163761 |
| തൻ വർഷം ചെലവുള്ളത് | 93 | ചെലവ് | 18520239 |
| ശതമാനം | 69.40% | ചെലവ് ശതമാനം | 57.58% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ വളരെയധികം പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം

ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വിഭജിക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

**II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല**

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചിട്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്റ്റുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

IV.1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

V. **ആസ്തി രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.**

2019-20 വർഷത്തിൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളെല്ലാം അന്യാധീനപ്പെടാതെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

19-20 ലെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധപദ്ധതികൾക്കായി Source Deduction ആയി കുറവ് ചെയ്ത 992988രൂപ ACR ൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവ് തുക ACR മായി പൊരുത്തപ്പെടുന്നില്ല. പ്രൊജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം | പദ്ധതി | തുക |
|---|---|---|---|
| 1 | 280/20 | കേരള ജല അതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക | 1942 |
| 2 | 281/20 | കേരള ജല അതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക | 1942 |
| 3 | 282/20 | കേരള ഇലക്ട്രിസിറ്റി ബോർഡിന് അടക്കേണ്ട കുടിശ്ശിക | 1986 |
| 4 | 283/20 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 147059 |
| 5 | 284/20 | സമ്പൂർണ്ണ പാർപ്പിട പദ്ധതി(ലൈഫ് മിഷൻ)ഹഡ്കോ വായ്പ | 147059 |
| 6 | 285/20 | അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം | 693000 |

## 1-19 സംയുക്ത പ്രൊജക്റ്റുകൾക്കുള്ള തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്

സംയുക്ത പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനുവേണ്ടി ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടി തുക സംയുക്ത പ്രൊജക്റ്റുകൾക്ക് വേണ്ടി തുടങ്ങിയ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 2019-20 വർഷത്തിലെ ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം ബാധ്യതാ ഹെഡിലുള്ള തുകയുടെ വിവരങ്ങൾ താഴെ പറയുന്നു.

| ഹെഡ് ഓഫ് അക്കൌണ്ട് | നീക്കിയിരിപ്പ് |
|---|---|
| 320700204 | 2553446 |
| 320700205 | 84275 |
| ആകെ | 2637721 |

പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.07.2017 ലെ സ. ഉ (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ധനസഹായം നൽകുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 – ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള തുക കണക്കാക്കി ആയത് ധനസഹായം നൽകിയ തദ്ദേശ സ്ഥാപനത്തിന് മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28 – ന മുമ്പേ തിരിച്ച നൽകേണ്ടതുമാണ്.

3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നൽകേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്താൽ സാമ്പത്തിക വർഷാവസാനത്തിൽ 2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ – 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 2553446 /- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 84275 രൂപയും വിനിയോഗിക്കാതെ അവശേഷിക്കുന്നു. മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളാണ് സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കാതെ സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം സയുക്ത പ്രോജക്ടിനുള്ള ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിൽ ഈ ബാലൻസ് തുക മുഴുവനായും ഇല്ല. 31.03.2020ലെ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 604205 രൂപ മാത്രമാണ് .
അപാകതകൾക്ക് മറുപടി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 22/29.10.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ചെലവഴിക്കാത്ത തുക അതാത് സ്ഥാപനങ്ങൾക്ക് തിരികെ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 റോഡ് റെസ്റ്റൊറേഷൻ ചാർജ് - ഈടാക്കിയതിൽ 1ലക്ഷം രൂപയുടെ കുറവ്

ഗ്രാമ പഞ്ചായത്തിലെ നിർദ്ദിഷ്ട മിൽമ പ്ലാന്റിലേക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിലേക്ക് ഗ്രാമ പഞ്ചായത്തിലെ വാർഡ് 10 ലെ പള്ളിക്കടവ് റോഡ് കീറി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് മലബാർ റീജ്യണൽ കോ-ഓപറേറ്റീവ് മിൽക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 9.12.2019 ലെ അപേക്ഷ പ്രകാരം അനുമതി നൽകിയതിന്; റോഡ് റെസ്റ്റൊറേഷൻ ചാർജ് ഈടാടാക്കിയപ്പോൾ റോഡിന്റെ വീതി കണക്കാക്കിയതിലെ അപാകത കാരണം റോഡ് റെസ്റ്റൊറേഷൻ ചാർജ്ജിനത്തിൽ ഗ്രാമ പഞ്ചായത്തിന് 102372 രൂപ നഷ്ടം വന്നിട്ടുണ്ട്.

റോഡുകളുടെ റെസ്റ്റൊറേഷൻ ചാർജ് കണക്കാക്കുമ്പോൾ വീതി ട്രഞ്ച് കീറുന്നതിന്റെ 1.5 ഇരട്ടി ആയി കണക്കാക്കണമെന്ന് (ടാർ റോഡ് ആണെങ്കിൽ മിനിമം 1 മീറ്റർ) PWD ചീഫ് എഞ്ചിനീയർ (റോഡ്സ് ) 30.3.2019 ലെ NO:CE/R&B/GL-RC/2/2019 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. മിൽമ മാനേജിങ് ഡയറക്ടറുടെ അപേക്ഷയിൽ 1.25മീറ്റർ ആഴത്തിലും 0.40 മീറ്റർ വീതിയിലും റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കാനാണ് അനുമതിക്ക് ആവശ്യപ്പെട്ടിട്ടുള്ളത്. റോഡ് കട്ട് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് എടുത്ത് ഫീസ് നിർണ്ണയിച്ച് നൽകണമെന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.01.2020 ലെ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ റോഡുകളുടെ വീതി 0.50 M എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് വഴിയാണ് ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചത്. കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡ് | നീളം | വീതി | അളവ് | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| പള്ളിക്കടവ് റോഡ് | 1*182=182 | 0.6മീറ്റർ | 109.2മീറ്റർ | 597700<br>(@5473.44) | 498083 | 99617 |
| പള്ളിക്കടവ് റോഡ് | 1*18=18 | 0.60മീറ്റർ | 10.8മീറ്റർ | 16532<br>(@1530.77) | 13777 | 2275 |
| | | | | | | 102372 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22/2019-20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ ഗ്രാമ പഞ്ചായത്ത് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

ഇ-ടെണ്ടർ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോം വില സ്വീകരിക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നതാണെങ്കിലും ഗ്രാമ പഞ്ചായത്ത് നാളിത് വരെയായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. മുൻ വർഷങ്ങളിലും ഇത്തരത്തിൽ ഗ്രാമ പഞ്ചായത്തിന് തുക ലഭിക്കാനുള്ളതായി ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം മറ്റ് സ്ഥാപനങ്ങളിൽ അടവാക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതും നാളിത് വരെയായി ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട ടെണ്ടർഫീ തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്. ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2019-20 വർഷത്തിൽ ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| 1 | അഹമ്മദ് കരിക്കൾ സ്മാരക വ്യവസായ കേന്ദ്രം (234/20) | 700000 | 2 പേർ | 1400 | 2800 |
| 2 | മംഗലത്തൊടി കാരാപറമ്പ് റോഡ് (251/20) | 656000 | 2 പേർ | 1312 | 2624 |
| 3 | കൊളത്തൂർ ചന്തപ്പടി വടക്കേകുളമ്പ് റോഡ് (65/20) | 700000 | 2പേർ | 1400 | 2800 |
| | ആകെ | | | | 8224 |

ഓഡിറ്റ് എൻക്വയറി 20/2019-20/29.10.2021 നൽകിയതിന് – തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-22 കോഴിവളർത്തൽ രേഖകൾ ലഭ്യമല്ല-196350/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്/നം. | കോഴി വളർത്തൽ<br>146/19-20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| തുക | 196350/- |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.(Audit Enquiry No. 19/20-21/29.10.2020) ഫയൽ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 2019-20 സാമ്പത്തിക വർഷം 84700/-രൂപയുടെ ചെലവ് നടത്തിയിട്ടുള്ളുവെന്നും ആയതിന്റെ രേഖകൾ ഇതോടൊപ്പം സമർപ്പിക്കുന്നു എന്നും 30.10.2021 തിയ്യതിയിൽ മറുപടിയിലൂടെ അറിയിക്കുകയുണ്ടായി. എന്നാൽ ചെലവ് രേഖകൾ ഓഡിറ്റിന് സമർപ്പിപ്പിക്കുയുണ്ടായില്ല. ആയതിനാൽ 196350/-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 2019-20 ഓഡിറ്റിനോടൊപ്പം പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് നമ്പർ, പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 276250 | 34/20 നെൽകൃഷി വികസനം | 276250 | 0 |
| | 400000 | 52/20 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 500000 | 52/20 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | 960000 | 1517916 | 331857 | 0 | 2146059 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16462500 |
| തൻവർഷം നിക്ഷേപിച്ച തുക | 363075 |
| ആകെ | 16825575 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16825575 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| 2019-20 അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് കൊളത്തൂർ | 1121705 | 00012470 |
| | 1121705 | 00012469 |
| | 1121705 | 00012468 |
| | 1121705 | 00012467 |
| | 1121705 | 00012471 |
| | 1121705 | 01802579 |
| | 1121705 | 01802578 |
| | 1121705 | 01802577 |

| | | |
|---|---|---|
| | 1121705 | 01802576 |
| | 1121705 | 01802575 |
| | 1121705 | 01802574 |
| | 1121705 | 01802573 |
| | 1121705 | 01802570 |
| | 1121705 | 01802571 |
| | 1121705 | 01802572 |
| ആകെ | 16825575 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2005-06 | 6 | കാർഷിക ആവശ്യത്തിന് ട്രാക്ടർ-പദ്ധതിനിർവ്വഹണത്തിലെ അപാകത | നടപടി തുടരുന്നു. |
| | - | | 14 | ഓഫ്സെറ്റ് പ്രസ്സ് 7.5 ലക്ഷം നഷ്ടം | |
| 2016-17 | 2(1) | 2014-15 | | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് നോട്ടീസ് നമ്പർ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2008-09 | 3-11 | എ സതീഷ് കുമാർ വി ഇ ഒ | LF 17121/ SP.CELL/ SC-D1/12 Dt. 19-11-14 | 3671000 | | | | | | | 3671000 | |
| 2 | 2009-10, 2010-11 | 3-10 (2) | കെപി രാമചന്ദ്രൻ വി ഇ ഒ | LF/12208/SP.CELL/CSC/D1 /14 25-9-15 | 20000 | | | | | | | 20000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65456885 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60442411 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 246350 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 50000 | ശ്രീ. സലീം.കെ.എം, മഠത്തിൽ പുരയിൽ വീട്, ചേളാന്നൂർ, കോഴിക്കോട്. |
| 1-22 | 196350 | ഡോ. റൂബി വിദ്യാദരൻ,<br>വെറ്ററിനറി സർജൻ,<br>കൊച്ചു പാറ്റൂർ വീട്,<br>കാര്യറ പി.ഒ,<br>പുനലൂർ, കൊല്ലം. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. റൂബി വിദ്യാദരൻ, വെറ്ററിനറി സർജൻ, | വെറ്ററിനറി സർജൻ, മൂർക്കനാട് ഗ്രാമ പഞ്ചയാത്ത് | ഡോ. റൂബി വിദ്യാദരൻ,<br>വെറ്ററിനറി സർജൻ,<br>കൊച്ചു പാറ്റൂർ വീട്,<br>കാര്യറ പി.ഒ,<br>പുനലൂർ, കൊല്ലം. |
| ശ്രീ. സലീം.കെ.എം, | അസിസ്റ്റന്റ് സെക്രട്ടറി,ചേളാന്നൂർ | മഠത്തിൽ പുരയിൽ വീട്, ചേളാന്നൂർ, കോഴിക്കോട്. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 93-94,94-95 | കെ.എസ്.എ.എം.പി.എം27/963/18(1)/23-5-18 | 2 |
| 1996-97 (ചെലവ്) | എൽ.എഫ്.എം13/3294/14/16-12-14 | 1 |
| 1996-97 (വരവ്) | കെ.എസ്.എ.എം.പി.എം27/963/18(2)/23-05-2018 | 2 |
| 1997-98 മുതൽ 2001-02 വരെ (പ്ലാൻ) | എൽ.എഫ്.എം13/3274/14/16-12-14 | 77 |
| 1997-98 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(3)/23-5-18 | 3 |
| 1998-99 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(4)/23-5-18 | 1 |

| | | |
|---|---|---|
| 1999-2000 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(5)/23-5-18 | 1 |
| 2000-01 (പ്ലാൻ ഫണ്ട് ഒഴികെ) | കെ.എസ്.എ.എം.പി.എം27/963/18(6)/23-5-18 | 3 |
| 2001-02 | കെ.എസ്.എ.എം.പി.എം27/963/18(7)/23-5-18 | 3 |
| 2002-03 | കെ.എസ്.എ.എം.പി.എം27/963/18(8)/23-5-18 | 8 |
| 2003-04 | കെ.എസ്.എ.എം.പി.എം27/963/18(10)/23-5-18 | 14 |
| 04-05 | കെ.എസ്.എ.എം.പി.എം27/963/18(10)/23-5-18 | 11 |
| 2009-10, 2010-11 | കെ.എസ്.എ.എം.പി.എം13/1483/2014/11.02.16 | 21 |
| 2011-12, 2012-13 | എൽ.എഫ്.എം13/1557/14/18-5-2015 | 24 |
| 2015-16 | കെ.എസ്.എ.എം.പി.എം.27/2500/16/06.03.2018 | 11 |
| 2016-17 | കെ.എസ്.എ.എം.പി.എം.27/1880/17/9.7.2018 | 27 |
| 2017-18 | കെഎസ് എ എം പി എം27/1942/2018/04-06-2019 | 13 |
| 18-19 | **കെ.എസ്.എ/എം.പി.എം27/2807/2019/18-11-2020** | 25 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്